11/2/22

01.02.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.1846(4)/20/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.11060/*എസ്.ഐ.സി–ജി2/2020* )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി:01.02.2022

ശ്രീ. ഉമ്മർ പുളിഞ്ഞോളി,
പുളിഞ്ഞോളി ഹൗസ്,
ഏറാമല.പി.ഒ.,
ഓർക്കാട്ടേരി.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
   ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
   കേരള സംസ്ഥാന വഖഫ് ബോർഡ്,
   ആസ്ഥാന കാര്യാലയം, എറണാകുളം.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി & സി.ഇ.ഒ,
   സംസ്ഥാന വഖഫ് ബോർഡ്,
   മുഖ്യകാര്യാലയം, കൊച്ചി–17.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 20.09.2019 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ, വഖഫ് സ്വത്ത് അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട നാലിന വിവരങ്ങളും രേഖകളും ആവശ്യപ്പെട്ടിട്ട്, ആയത് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലഭ്യമല്ലായെന്നാണ് മറുപടി ലഭിച്ചത് എന്നാണ് കമ്മീഷനു നൽകിയ അപ്പീൽ ഹർജിയിൽ പറഞ്ഞിരിക്കുന്നത്.

2) ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 08.10.2021 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3) വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ലാ എന്നു ചൂണ്ടിക്കാട്ടിയാണ് ആയത് തനിക്ക് നിഷേധിച്ചിരിക്കുന്നതെന്ന് അപ്പീൽ ഹർജിക്കാരൻ മറുപടി നൽകി. വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടെന്നും, ഇത്തരം അന്യാധീനപ്പെടലിനു പിന്നിൽ അഴിമതി യുണ്ടെന്നും, അതുകൊണ്ടാണ് വിവരങ്ങൾ ലഭ്യമാക്കാതിരിക്കുന്നതെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

4) അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഏഴ് ഓഫീസുകളിൽ നിന്ന് ശേഖരിക്കേണ്ടതാണെന്നും, അതുകൊണ്ടാണ് ഇവ നൽകാൻ കഴിയാതിരുന്ന തെന്നും. ഒന്നാം എതിർകക്ഷി പറഞ്ഞു.

5) ഇതുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി കമ്മീഷന് രേഖാമൂലം നൽകിയ റിപ്പോർട്ടിൽ പറയുന്നത് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാനോട് ഓഫീസിൽ മുൻകൂട്ടി അറിയിച്ച് നേരിട്ട് ഹാജരായി ബന്ധപ്പെട്ട സെക്ഷനിലെ ഫയലുകൾ പരിശോധിച്ച് ലഭ്യമായ വിവരങ്ങളും രേഖകളും ശേഖരിക്കാവുന്നതാ ണെന്നും, കൂടാതെ, ടിയാന് ആവശ്യമുള്ള പക്ഷം ബോർഡിന്റെ ഗസ്റ്റ് ഹൗസിൽ സൗജന്യ താമസവും ഭക്ഷണവും, സൗജന്യ ട്രെയിൻ യാത്രാ സൗകര്യവും ബോർഡിൽ നിന്നും ഒരുക്കി കൊടുക്കാൻ തയ്യാറാണെന്നുമുള്ള വിവരം അറിയിച്ച് ഒന്നാം അപ്പീൽ 10.07.2020 ൽ തീർപ്പാക്കിയിട്ടുള്ളതാണ് എന്നുമാണ്. ടി അപ്പീൽ ഹർജി തീർപ്പാക്കിയ ഉത്തരവിന്റെ പകർപ്പും ടിയാൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കി.

6) ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി, ഒരു തരത്തിലും ആത്മാർത്ഥമായതാണെന്ന് കരുതാൻ കഴിയുന്നില്ല. രണ്ടാം എതിർകക്ഷിയാകട്ടെ ഒരു നിയമവും പറയാത്ത തരത്തിൽ, വിവരങ്ങൾ ശേഖരിക്കാൻ അപ്പീൽ ഹർജിക്കാരന് താമസവും, ഭക്ഷണവും. യാത്രയ്ക്കുള്ള സൗകര്യങ്ങളും ചെയ്തു കൊടുക്കാമെന്നും പറയുന്നു. എന്നു പറഞ്ഞാൽ, ഒന്നും രണ്ടും എതിർകക്ഷികൾ തികച്ചും രണ്ട് ധ്രുവങ്ങളിൽ നിന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഒന്നാം എതിർകക്ഷി, നിസ്സാരമട്ടിൽ മറുപടി നൽകിയപ്പോൾ, രണ്ടാം എതിർകക്ഷി, ഒരു ആവശ്യവുമില്ലാത്ത ആനുകൂല്യം പോലും നൽകാൻ തയ്യാറായതായി കാണുന്നു. അപ്പീൽ ഹർജിക്കാരന് യാത്രയ്ക്കും, താമസത്തിനും, ഭക്ഷണത്തിനും ഒക്കെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ

ബന്ധപ്പെടുന്നതിന്റെ നേരിയ ഒരു അംശം മാത്രം സഹിച്ചാൽ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും, രേഖകളും വഖഫ് ബോർഡിന്റെ കീഴിലുള്ള ഓഫീസുകളിൽ നിന്ന് വാങ്ങി നൽകാവുന്നതേയുള്ളൂ. അതുകൊണ്ട് ആവശ്യമില്ലാത്ത പ്രീതിയോ, വിദ്വേഷമോ ഒന്നും കാണിക്കാതെ ടി വിവരങ്ങൾ ശേഖരിച്ച് നൽകാനാണ് എതിർകക്ഷികൾ തയ്യാറാകേണ്ടത്. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ വിപുലമായ ഒരു പൊതുതാൽപ്പര്യം കൂടി അടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ ഇത് ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്നും കമ്മീഷൻ കരുതുന്നു.

7) ആയതുകൊണ്ട്, 28.02.2022 നകം ടി വിവരങ്ങൾ സമാഹരിച്ച് അപ്പീൽ ഹർജിക്കാരന് നൽകേണ്ടതും, ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 01.02.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**